(ഡി) പിന്നോക്കജില്ലയായ മലപ്പുറത്ത് എവിടെയെങ്കിലും സോഷ്യൽ സൈക്യാട്രിക് തസ്തിക നിലവിൽ ഉണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ) മഞ്ചേരി ജില്ലാ ആശുപത്രിയിൽ സോഷ്യൽ സൈക്യാട്രിക് തസ്തിക ഉണ്ടായിരുന്നില്ല.

(ബി, സി) ബാധകമല്ല.

(ഡി) ഇല്ല. ആരോഗ്യവകുപ്പിൽ സോഷ്യൽ സൈക്യാട്രിക് എന്ന ഒരു തസ്തിക നിലവിലില്ല.

മഞ്ചേരി ജില്ലാ ആശുപത്രിയിലെ ഡയറിഫീഷൻ തസ്തിക

55 [2094] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ജില്ലാ ആശുപത്രിയിൽ ഡയറിഫീഷൻ ഉണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) ഡയറിഫീഷൻ തസ്തിക അവിടെ നിന്നും മാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) അവിടെയുണ്ടായിരുന്ന ഡയറിഫീഷൻ തസ്തിക വീണ്ടും അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആൻറ് ബി) 1987-1989-ലെ പെറ്റീഷൻ കമ്മിറ്റി കോഴിക്കോട്ടും തൃശ്ശൂരിലുമുള്ള മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ഡയറിഫീഷന്റെ ഓരോ തസ്തിക സൃഷ്ടിക്കുന്നതിനുവേണ്ടി ശുപാർശ ചെയ്തിരിക്കുകയാണ്. ഈ തസ്തിക സൃഷ്ടിക്കുന്നതുവരെ മഞ്ചേരി ജില്ലാ ആശുപത്രിയിലുള്ള ഡയറിഫീഷന്റെ തസ്തിക താൽക്കാലികമായി കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിലേക്ക് മാറ്റുന്നതിനായി 20-10-1990-ലെ ജി. ഒ. (ആർ. റ്റി.) നമ്പർ 3166/90/ആ. കു. വ. അനുസരിച്ച് ഉത്തരവാകുകയും അത് പ്രാബല്യത്തിൽ വരുത്തുകയും ചെയ്തിരിക്കുകയാണ്.

(സി) കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ ഡയറിഫീഷന്റെ തസ്തിക സൃഷ്ടിച്ചുകഴിയുമ്പോൾ മഞ്ചേരി ജില്ലാ ആശുപത്രിയിലെ തസ്തിക തിരികെ കൊണ്ടുവരുന്നതാണ്.

ഉപ്പുതറ പ്രാഥമികാരോഗ്യ കേന്ദ്രം കമ്മ്യൂണിറ്റി ഹെൽത്ത് സെൻറ്ററായി ഉയർത്തുന്നതിനു നടപടി

56 [2101] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപ്പുതറ പ്രാഥമികാരോഗ്യ കേന്ദ്രം കമ്മ്യൂണിറ്റി ഹെൽത്ത സെൻറ്ററായി ഉയർത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly